(സി) പ്രസ്തുത സ്ഥാപനത്തിന് കെ.എസ്.ഇ.ബി.യുമായി മീറ്ററിനെ സംബന്ധിച്ച് ഉണ്ടായിരുന്ന കരാർ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല ; തന്നാണ്ട് ലാഭ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) പാലക്കാട് യു.ഇ.ഐ.യുടെ യൂണിറ്റ് 2011 ജനുവരി 23-ന് ഉദ്ഘാടനം ചെയ്തു. കൊല്ലത്തെ ഈ കമ്പനി പാലക്കാട്ടേയ്ക്ക് ഷിഫ്റ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

(സി) എൽ.സി.ഡി. ടൈപ്പ് മീറ്ററിന്റെ വിതരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യുമായി കരാർ ഉണ്ടാക്കിയിട്ടില്ല. എന്നാൽ Purchase-Order പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മീറ്റർ മുഴുവനും കെ.എസ്.ഇ.ബി.ക്ക് supply ചെയ്യാൻ കഴിഞ്ഞിട്ടില്ല. സമയ പരിധി റീഷെഡ്യൂൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പുനലൂർ പേപ്പർ മില്ലിന്റെ തുടർപ്രവർത്തനം

163 (2193) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർ മില്ലിന്റെ തുടർപ്രവർത്തനം 2011 ജനുവരി മാസം തുടങ്ങുമെന്ന് ഇപ്പോഴത്തെ മാനേജ്മെന്റ് സർക്കാരിന് നല്കിയിരുന്ന ഉറപ്പ് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മില്ലിന്റെ പ്രവർത്തനം 2011 ഫെബ്രുവരിമാസം തുടങ്ങുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിൽ ഉണ്ടായ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും പഴയവ പുതുക്കുന്നതിനും മറ്റും ഉണ്ടായ കാലതാമസമാണ് ഇതിനിടയാക്കിയതെന്ന് മാനേജ്മെന്റ് സർക്കാരിനെ അറിയിച്ചു. എന്നാൽ ഏപ്രിൽ മാസത്തോടുകൂടി എല്ലാ മെഷീനുകളും സ്ഥാപിച്ച് ട്രയൽ റൺ ആരംഭിക്കും എന്നാണ് കമ്പനി മാനേജ്മെന്റ് സർക്കാരിന് നൽകിയിരിക്കുന്ന ഉറപ്പ്.

എടരിക്കോട്ടെ 'കെൽ' നവീകരണം

164 (2194) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എടരിക്കോട്ടെ 'കെൽ' നവീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly